# പുനർലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ദേവസ്വം ജി ബ്ലോക്കിന്റെ പഴയ കെട്ടിടം ഭൂനിരപ്പ് വരെയുള്ള ഭാഗം പൊളിച്ചുകൊണ്ടു പോകുന്നതിനുള്ള അവകാശം 16/3/2015 തിയ്യതി പകൽ 3 മണിക്ക് ചോറ്റാനിക്കര അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ വച്ച് പരസ്യമായി ലേലം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും ലേലസമയത്തിന് അരമണിക്കൂർ മുൻപ് നിരതദ്രവ്യം 25000/- രൂപ കെട്ടിവയ്ക്കേണ്ടതാണ്. കൂടാതെ സീൽഡ് ടണ്ടറും സമർപ്പിക്കാവുന്നതാണ്. ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ മൂന്ന് വാക്ക് വിളിച്ച് ലേലം ഉറപ്പിക്കുന്നതാകുന്നു. മേൽപ്രകാരം നടത്തിയ ലേലം സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് ഒരാഴ്ചയ്ക്കകം ലേലസംഖ്യ മുഴുവൻ ചോറ്റാനിക്കര ദേവസ്വം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതും 20 ദിവസത്തിനകം ടി കെട്ടിടം ചുറ്റുപാടുമുള്ള മറ്റു വസ്തുവകകൾക്ക് യാതൊരുവിധ കേടുപാടുകൾ വരുത്താത്ത വിധത്തിൽ പൊളിച്ചുകൊണ്ടുപോകേണ്ടതും സ്ഥലം വൃത്തിയാക്കേണ്ടതുമാണ്. ലേലം കിട്ടുന്ന ആൾ, അടച്ച സംഖ്യയുടെ അഡീഷണൽ 5% F.D.R.. അസിസ്റ്റന്റ് കമ്മീഷ്ണർ, ചോറ്റാനിക്കരയുടെ പേരിൽ എടുക്കേണ്ടതാണ്. ലേലം ഉറപ്പിച്ചതിനുശേഷം ലേലം കൊണ്ട യാൾ ഒഴികെയുള്ളവർക്ക് കെട്ടിവച്ച നിരതദ്രവ്യം തിരിച്ചുനൽകുന്നതാണ്. കെട്ടിടം പൊളിച്ചുകൊണ്ടുപോയശേഷം F.D.R. തിരിച്ചുനൽകുന്നതാണ്. ലേലം ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ലേലം വേണ്ടന്ന് വയ്ക്കുന്നതിനോ മറ്റൊരു തിയ്യതിയിലേക്ക് മാറ്റി വയ്ക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് പൂർണ്ണാധികാരമുണ്ടായിരിക്കുന്നതാണ്.

ഈ ലേലത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ദേവസ്വം ബോർഡ് വെബ്സൈറ്റിലും ചോറ്റാനിക്കര അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ നിന്നും പ്രവർത്തിസമയങ്ങളിൽ അറിയാവുന്നതാണ്. കൊച്ചിൻ ദേവസ്വം ബോർഡിൽ നിലവിലുള്ള ലേലവ്യവസ്ഥകൾ എല്ലാം ഇതിനു ബാധകമായിരിക്കും.

അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ്

ചോറ്റാനിക്കര ദേവസ്വം　　　　　　　　അസിസ്റ്റന്റ് കമ്മീഷ്ണർ